Reg. No. : ......................................

Name : .......................................

**Code No. 5037**

**Second Year – March 2017**

Time : 2½ Hours
Cool-off time : 15 Minutes

Part – III

# മലയാളം (OPTIONAL)
# (MALAYALAM)

Maximum : 80 Scores

**നിർദ്ദേശങ്ങൾ** :

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും. ഈ സമയത്ത് ചോദ്യങ്ങൾക്ക് ഉത്തരം എഴുതാനോ, മറ്റുള്ളവരുമായി ആശയവിനിമയം നടത്താനോ പാടില്ല.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
- ഒരു ചോദ്യനമ്പർ ഉത്തരമെഴുതാൻ തെരഞ്ഞെടുത്തു കഴിഞ്ഞാൽ ഉപചോദ്യങ്ങളും അതേ ചോദ്യനമ്പരിൽ നിന്ന് തന്നെ തെരഞ്ഞെടുക്കേണ്ടതാണ്.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

**ബ്രാക്കറ്റിൽ നിന്നും ശരിയുത്തരം എടുത്തെഴുതുക. (ഒരു സ്കോർ വീതം.)**

1. 'മധുരിക്കും ഓർമകളേ' എന്ന നാടക ഗാനം ഏതു നാടകത്തിലേതാണ് ?
   (അശ്വമേധം, കറവറ്റ പശു, ജനനീ ജന്മഭൂമി, ഇത് ഭൂമിയാണ്)

2. വിഭീഷണഹിതോപദേശം അദ്ധ്യാത്മരാമായണത്തിലെ ഏതു കാണ്ഡത്തിൽ നിന്നെടുത്തതാണ് ?
   (യുദ്ധകാണ്ഡം, സുന്ദരകാണ്ഡം, ബാലകാണ്ഡം, അയോദ്ധ്യാകാണ്ഡം)

3. സൗപർണിക ആരുടെ നാടകമാണ് ?
   (ജി. ശങ്കരപ്പിള്ള, പി.എം. താജ്, കാവാലം, നരേന്ദ്രപ്രസാദ്)

4. സാറ ഏതു നോവലിലെ കഥാപാത്രമാണ് ?
   (ഖസാക്കിന്റെ ഇതിഹാസം, കൂമൻ കൊല്ലി, വൃദ്ധസദനം, വേരുകൾ)

**(സ്കോർസ് : 4 × 1 = 4)**

**ചേരുംപടി ചേർക്കുക. ഒരു സ്കോർ വീതം.**

| | | | |
|---|---|---|---|
| 5. | സംക്ഷേപ വേദാർത്ഥം | – | ആനന്ദവർദ്ധനൻ |
| 6. | വിവേകോദയം | – | സി.എൻ. ശ്രീകണ്ഠൻ നായർ |
| 7. | ലങ്കാലക്ഷ്മി | – | കുമാരനാശാൻ |
| 8. | ധ്വന്യാലോകം | – | ക്ലമന്റ് പാതിരി |

**(സ്കോർസ് : 4 × 1 = 4)**

**ശരിയോ തെറ്റോ എന്ന് കണ്ടെത്തി എഴുതുക. ഒരു സ്കോർ വീതം.**

9. കൂടിയാട്ടം കേരളീയ രംഗകലകളുടെ അംശങ്ങൾ സ്വീകരിച്ചുകൊണ്ട് കേരളത്തിൽ പ്രതിഷ്ഠ നേടിയ നാടകവേദിയാണ്.

10. ഉത്പന്നങ്ങളുടെ മേന്മയും ഗുണനിലവാരവും സത്യസന്ധമായി അവതരിപ്പിക്കലാണ് പരസ്യങ്ങളുടെ പൊതുസ്വഭാവം.

11. കവിത വികാരങ്ങളുടെ നൈസർഗികാവിഷ്കാരമാണെന്ന് വേർഡ്സ്വർത്ത് വിശ്വസിച്ചു.

12. യുദ്ധത്തിന്റെ ആവശ്യകത ഓർമ്മപ്പെടുത്തുന്നതാണ് വിഭീഷണഹിതോപദേശം.

**(സ്കോർസ് : 4 × 1 = 4)**

**കൂട്ടത്തിൽപ്പെടാത്തത് കണ്ടെത്തുക. ഒരു സ്കോർ വീതം.**

13. അവനവൻ കടമ്പ, കലി, ഊരുഭംഗം, കറുത്ത ദൈവത്തെത്തേടി

14. ഇന്ദുലേഖ, കൂമൻ കൊല്ലി, വൃദ്ധസദനം, വെബ്സൈറ്റ്

15. സാറ, കുങ്കൻ, മാണിക്യം, കൃഷ്ണൻ നമ്പീശൻ

16. ഭാഷാകൗടലീയം, കരുണ, ബ്രഹ്മാണ്ഡപുരാണം, ദൂതവാക്യം **(സ്കോർസ് : 4 × 1 = 4)**

**എല്ലാ ചോദ്യങ്ങൾക്കും രണ്ടോ മൂന്നോ വാക്യങ്ങളിൽ ഉത്തരം എഴുതുക. രണ്ടു സ്കോർ വീതം.**

17. വർത്തമാനപ്പുസ്തകത്തിന്റെ രണ്ട് സവിശേഷതകൾ എഴുതുക.

18. "ആര്ം കൂട് പറ്റാറില്ല, മാധവന്നായരേ" – ഖസാക്കിന്റെ ഇതിഹാസത്തിലെ ഈ വാക്കുകൾ മുന്നോട്ടുവയ്ക്കുന്ന ദർശനം എന്ത് ?

19. ഗ്രാമീണ ജീവിതം കവിതയ്ക്ക് പ്രമേയമാകണം എന്ന വാദത്തിന് വേർഡ്സ്വർത്ത് നിരത്തുന്ന ന്യായങ്ങളെന്തെല്ലാം ?

20. 'ഊരുഭംഗ'ത്തിൽ "വൈരം പശ്ചാത്താപമായി ഭവിച്ചു" എന്ന് ബലഭദ്രൻ പറയുന്നതെന്തുകൊണ്ട് ?

**(സ്കോർസ് : 4 × 2 = 8)**

**ഓരോന്നിനും അരപ്പുറത്തിൽ കവിയാതെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. നാലു സ്കോർ വീതം.**

21. രാമപുരത്തു വാര്യർ മുക്തകത്തിലൂടെ തന്റെ ദാരിദ്ര്യത്തെ ധ്വന്യാത്മകമായി അവതരിപ്പിക്കുന്നതെങ്ങനെ ?

22. പാരമ്പര്യ നാടകവേദിയിൽ നിന്ന് തനതുനാടകങ്ങൾ ഏതേതംശങ്ങൾ പഠിക്കണമെന്നാണ് എ.കെ.നമ്പ്യാർ അഭിപ്രായപ്പെടുന്നത് ?

23. 'ഇന്ദുലേഖയിലെ മാധവൻ മാമൂലുകളെ വെല്ലുവിളിക്കുന്ന ഉത്പതിഷ്ണുവാണ്' – പാഠഭാഗത്തെയാസ്പദമാക്കി വിലയിരുത്തുക.

24. ഛന്ദസ്സിനെക്കുറിച്ചുള്ള കോളറിഡ്ജിന്റെ അഭിപ്രായങ്ങൾ ക്രോഡീകരിക്കുക.

25. പരസ്യങ്ങളുടെ മനഃശാസ്ത്രത്തെ വിശകലനം ചെയ്യുക.

**(സ്കോർസ് : 5 × 4 = 20)**

**ഓരോന്നിനും ഒരു പുറത്തിൽ കവിയാതെ ഏതെങ്കിലും രണ്ടെണ്ണത്തിന് ഉത്തരമെഴുതുക. ആറു സ്കോർ വീതം.**

26. പരസ്യങ്ങളിൽ ശരീരം ആഘോഷ സ്ഥാനമാക്കുന്നതെങ്ങനെ ?

27. അപ്പുക്കിളി എന്ന കഥാപാത്രത്തെ തന്റെ ജീവിത പരിസരങ്ങളിൽ നിന്ന് ഒ.വി. വിജയൻ രൂപപ്പെടുത്തിയതെങ്ങനെ ?

28. യുദ്ധത്തിന്റെ നിരർത്ഥകത വിഭീഷണൻ രാവണനെ ബോധ്യപ്പെടുത്തുന്നതെങ്ങനെ ?

**(സ്കോർസ് : 2 × 6 = 12)**

**ഓരോന്നിനും ഒന്നരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും മൂന്ന് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. എട്ടു സ്കോർ വീതം.**

29. വാസവദത്തയെ ഉപഗുപ്തൻ സന്ദർശിക്കുന്നിടത്താണ് 'കരുണ' എന്ന കാവ്യം സഫലമാകുന്നത് – വിശകലനം ചെയ്യുക.

30. 'ദുര്യോധനൻ എന്ന നായകന്റെ പതനം ഊരുഭംഗത്തെ ഒരു ദുരന്ത നാടകമാക്കി മാറ്റുന്നു' – വിലയിരുത്തുക.

31. 'വാർദ്ധക്യത്തിന്റെ നിസ്സഹായതയും ഏകാന്തതയും അനുഭവപ്പെടുത്തുന്ന നോവലാണ് വൃദ്ധസദനം' – പ്രഥമ സായാഹ്നം എന്ന പാഠഭാഗത്തെ ആസ്പദമാക്കി ചർച്ച ചെയ്യുക.

32. 'ഒരു പരസ്യത്തിലായിരുന്നു തുടക്കം. ഒരു നടുക്കത്തിലായിരുന്നു ഒടുക്കം' – പരസ്യത്തിനും നടുക്കത്തിനും ഇടയ്ക്ക് വെബ്സൈറ്റ് എന്ന കഥ മാനവികമാകുന്നതെങ്ങനെ ?

**(സ്കോർസ് : 3 × 8 = 24)**

---